കാലാവസ്ഥ വ്യതിയാനങ്ങൾ, വിളസംരക്ഷണം, കയറ്റുമതി സാദ്ധ്യതകൾ, ഉൽപ്പാദനോപാധികളുടെ ലഭ്യത, വായ്പാ വിവരങ്ങൾ, കർഷകരുടെ വിള മാനേജുമെന്റുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും നിവാരണം, ഉൽപ്പന്ന വികസനം തുടങ്ങി കർഷകർക്കാവശ്യമായ എല്ലാ വിവരങ്ങളും ഈ പ്രോജക്ട് മുഖേന കർഷകരിൽ എത്തിക്കാൻ സംവിധാനമുണ്ട്. കർഷക സംഘങ്ങൾ, കൃഷിഭവനുകൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, തിരഞ്ഞെടുത്ത് പ്രാഥമിക കാർഷിക സംഘങ്ങൾ, കിസാൻ കൃഷി കിയോസ്ക്കുകൾ, അക്ഷയപോലുള്ള വിവര സാങ്കേതിക കിയോസ്ക്കുകൾ എന്നിവ മുഖേന കർഷകർക്കാവശ്യമായ ഉപദേശവും സംശയനിവാരണവും ലഭ്യമാക്കും.

ഇതിന്റെ ഫലമായി കർഷകർക്ക് ലാഭമുള്ള വിളകളെ തിരഞ്ഞെടുക്കാനും ഉയർന്ന വിലയുള്ള കമ്പോളങ്ങളിൽ ഉൽപ്പന്നം വിൽക്കാനും, ഗുണ നിലവാരമുള്ള ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ചുകൊണ്ട് ഉയർന്ന വില കൈവരിക്കാനും, പുതിയ ശാസ്ത്രീയ കൃഷി രീതികൾ അവലംബിച്ച് ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കാനും മൊത്തത്തിൽ ഉൽപ്പാദനവും വരുമാനവും വർദ്ധിപ്പിക്കാനും സഹായകമാകും. മാത്രവുമല്ല സർക്കാരിന് കർഷകർക്ക് സഹായകരമായ നയരൂപീകരണത്തിനുമിത് സഹായകരമാകും. ഏതെങ്കിലും ഉൽപ്പന്നത്തിന് വിലതകർച്ചയോ, മറ്റെതെങ്കിലും പ്രശ്നമോ വരാൻ സാധ്യതയുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള നടപടികൾ കാലേകൂട്ടി ആസൂത്രണം ചെയ്യാനും ഇതുമൂലം കഴിയും. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കി ഉയർന്ന ലാഭമുണ്ടാക്കാനും വിലസ്ഥിരത കൈവരിക്കാനാവശ്യമായ നടപടികൾക്കും ഇതുമൂലം കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

ചരക്കുകൂലിയിൽ ക്രമക്കേടുവരുത്തിയതിൽ മിൽമക്കുണ്ടായ നഷ്ടം

133 [2032] ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിൽമയുടെ കീഴിലുള്ള കാലിത്തീറ്റ ഫാക്ടറികളിലേക്ക് ആവശ്യമായ തവിട് വാങ്ങിയ ഇടപാടിൽ കരാറുകാരനെ സഹായിക്കുവാൻ തവിടിന് പകരം ഉമി കയറ്റി ചരക്കുകൂലിയിൽ ക്രമക്കേടു വരുത്തിയ മിൽമയുടെ മേൽ റെയിൽവേ പിഴ ചുമത്തുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ എന്തു തുകയാണ് പിഴ ചുമത്തിയിട്ടുള്ളത് ;

(സി) ഇതു സംബന്ധമായ അന്വേഷണ റിപ്പോർട്ടിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) ഈ സംഭവത്തിൽ ഉത്തരവാദികളാരെല്ലാമാണ്; ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ ;

(ഇ) ഈ ഇടപാടിൽ മിൽമയ്ക്കുണ്ടായ നഷ്ടം എത്രയെന്ന് വെളിപ്പെടുത്താമോ ;

(എഫ്) ഈ നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കുമോ ?

2/2316/2012/DTP.

ഉത്തരം

(എ) ഉണ്ടായി.

(ബി) 1,17,98,800 രൂപ പിഴയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. തുക അടയ്ക്കാൻ ബാദ്ധ്യതയില്ലെന്നു റെയിൽവെയെ അറിയിച്ചിട്ടുണ്ട്.

(സി, ഡി) ഇത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്.

(ഇ) ഈ ഇടപാടിൽ മിൽമയ്ക്ക് 1,79,404 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(എഫ്) നിയമനടപടികൾ സ്വീകരിച്ചു വരുന്നു.

ക്ഷീര സംഘങ്ങൾക്ക് ധനസഹായം

134 [2033] ശ്രീ. കെ. നാരായണക്കുറുപ്പ് :

,, തോമസ് ചാഴിക്കാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വികസന പദ്ധതിപ്രകാരം ക്ഷീരസംഘങ്ങൾക്ക് ധനസഹായം നൽകുന്നതിന് സർക്കാരിന് പദ്ധതിയുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കാമോ ;

(ഡി) അർഹതയുള്ളവർക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കാൻ മാനദണ്ഡങ്ങളിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 16-12-2004-ലെ സ.ഉ. (എം.എസ്) നമ്പർ 85/2004/പ്ലാനിംഗ് പ്രകാരം ക്ഷീര സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.

(സി) (1) സംഘങ്ങളിൽ പാസ്റ്ററൈസേഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിന്, കഴിഞ്ഞ 5 വർഷമായി ലാഭത്തിൽ പ്രവർത്തിക്കുന്നതും സ്വന്തം ഭൂമിയുള്ളതും പ്രതിദിനം ശരാശരി 7500 ലിറ്റർ പാൽ കൈകാര്യം ചെയ്യുന്നതുമായ സംഘങ്ങൾക്ക് മൊത്തം ചെലവിന്റെ 20%, പരമാവധി 8 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്നു.

(2) പാൽ ശീതീകരണികൾ (മിൽക്ക് കൂളേഴ്സ്) വാങ്ങുന്നതിന് മേഖലാ യൂണിയന്റെ പ്രധാന മിൽക്ക് റൂട്ടിൽ നിന്നും 10 കിലോ മീറ്റർ അകലെ സ്ഥിതി ചെയ്യുന്നതും പ്രതിദിനം കുറഞ്ഞത് 1000 ലിറ്റർ പാൽ കൈകാര്യം ചെയ്യുന്നതുമായ സംഘങ്ങൾക്ക്, വിലയുടെ 20% പരമാവധി 2 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly